പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 206 — 14/06/2019-ൽ മറുപടിക്ക്

# വൈദ്യുതി മേഖലയിലെ സുരക്ഷാപദ്ധതികൾ

| | ചോദ്യം<br>**ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.പി. ഉണ്ണി**<br>**, പി.ടി.എ. റഹീം** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി മേഖലയിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും വൈദ്യുതി ഉപയോക്താക്കളെ അതിന്റെ സുരക്ഷിത വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അതിന് മേൽനോട്ടം വഹിക്കുന്നവർക്കും സുരക്ഷാകാര്യങ്ങളിൽ എന്തെല്ലാം പരിശീലനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അതിന് മേൽനോട്ടം വഹിക്കുന്നവർക്കും വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ബോധവൽക്കരണ ക്ലാസുകളും ട്രെയിനിംഗുകളും സംഘടിപ്പിക്കുന്നുണ്ട്. |
| (സി) | സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഉപഭോക്താക്കളുടെ വീട്ടുകളിൽ ഇ.എൽ.സി.ബി. സംരക്ഷണം നൽകുന്നതിന് ജാഗ്രത പദ്ധതി അവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | പാലക്കാട് ജില്ലയിലുള്ള അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന 400 വീടുകളിൽ ഇ.എൽ.സി.ബി സ്ഥാപിച്ച് വയറിംഗ് നവീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിൽ 1000-ത്തോളം വീടുകളിൽ ഇ.എൽ.സി.ബി സ്ഥാപിച്ച് റീവയറിംഗ് നടത്തി നൽകിയിട്ടുണ്ട്. |

Apsary
സെക്ഷൻ ഓഫീസർ